എച്ച്2/15546/2018.

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശൂർ, തിയതി: 28.08.2018.

**സർക്കുലർ**

വിഷയം: പൊ.വി.–ദുരന്തനിവാരണം–മഴക്കെടുതിക്കുശേഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടർന്ന് പ്രവർത്തിക്കുന്നത് –നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:1. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5580/2018/പൊ.വി.വ തിയതി :21.02.2018.
2: പൊ.വി.ഡയറക്ടറുടെ 23.08.2018–ലെ ഉത്തരവ് നമ്പർ എസ്.എസ്(2) 23–08/2018 /ഡിപിഐ.
3: ഈ കാര്യാലയത്തിലെ 24.08.2018–ലെ ഇതേ നമ്പർ സർക്കുലർ.
4: 28.08.2018 തിയതിയിൽ ഈ കാര്യാലയത്തിൽ ചേർന്ന വിദ്യാഭ്യാസ ആഫീസർമാരുടെ അവലോകന യോഗം.

****

പ്രളയദുരന്തവും ഓണാവധിയും കഴിഞ്ഞ് ജില്ലയിലെ വിദ്യാലയങ്ങൾ 29.08.2018–ന് ബുധനാഴ്ച തുറക്കുകയാണ്. അതിശക്തമായ മഴക്കെടുതിയിൽ വിദ്യാലയങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ നേരിടുകയും വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഉൾപ്പെടെ പഠനോപകരണങ്ങൾ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ലയിലെ സ്കൂളുകളിൽ ചെളിയും മാലിന്യങ്ങളും ധാരാളം അടിഞ്ഞുകൂടിയ സാഹചര്യത്തിൽ സ്കൂളുകൾ ശുചിയാക്കേണ്ടത് സംബന്ധിച്ചും , സ്കൂളുകളിൽ ഏർപ്പെടുത്തേണ്ട അടിയന്തിര ഭൗതികസാഹചര്യങ്ങൾ സംബന്ധിച്ചും മേൽ സൂചന 3 പ്രകാരം നിർദ്ദേശങ്ങൾ നൽകിയിരുന്നു. സൂചന (3) ലെ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതോടൊപ്പം മേൽ സൂചന (4) ലെ അവലോകനയോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

- സ്കൂളുകൾ ശുചിയാക്കി പ്രവർത്തനത്തിന് സജ്ജമാക്കുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് എല്ലാ പ്രധാനാദ്ധ്യാപകരും ഉറപ്പുവരുത്തേണ്ടതും ആയത് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് 29.08.2018–ന് സമർപ്പിക്കുകയും ചെയ്യണം.

- ശുചിയാക്കിയതിനുശേഷവും ബ്ലീച്ചിംഗ് പൗഡർ, ക്ലീനിംഗ് ഉപകരണങ്ങൾ എന്നിവ ആവശ്യമുണ്ടെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും, കിണർ ക്ലോറിനേഷൻ നടത്തുന്നതിന് വേണ്ടി സ്ഥലത്തെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും ബന്ധപ്പെടാവുന്നതാണ്.

- വെള്ളക്കെട്ടുമൂലവും ചെളിനിറഞ്ഞും സ്കൂളുകളിലെ ടോയ്‌ലറ്റ് സംവിധാനം ഇനിയും ഉപയോഗയോഗ്യമല്ലെങ്കിൽ താല്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി പി.ടി.എ സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

- കുടിവെള്ളത്തിന് ഇപ്പോഴും ബുദ്ധിമുട്ടുള്ള വിദ്യാലയങ്ങളിലെ പി.ടി.എ/ഹെഡ്മാസ്റ്റർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കേണ്ടതാണ്.

- ഏതെങ്കിലും വിദ്യാലയം ആഗസ്റ്റ് 29–ന് തുറക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തിയ വിദ്യാലയത്തിലെ പ്രധാനാദ്ധ്യാപകർ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസറെ വിവരം അറിയിക്കേണ്ടതാണ്. ഇത്തരം സംവിധാനങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്.

Scanned by CamScanner

- ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ച വിദ്യാലയങ്ങളിലും ക്ലീനിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറിൽ നിന്ന് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇനിയും ലഭ്യമാക്കാത്ത വിദ്യാലയ അധികൃതർ അടുത്ത ദിവസം തന്നെ ആയത് ലഭ്യമാക്കി ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.
- അറ്റകുറ്റപണികളോ , പൂർണ്ണമായ നിർമ്മാണപ്രവർത്തികളോ ആവശ്യമുള്ള ഗവൺമെന്റ് വിദ്യാലയങ്ങളുടെ വിവരങ്ങൾ എസ്റ്റിമേറ്റും പ്ലാനും സഹിതം എത്രയും വേഗം സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുകയാണെങ്കിൽ ആയതിനുവേണ്ട പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വയ്ക്കേണ്ടതാണ്.
- ഉച്ചഭക്ഷണപരിപാടി, സ്കൂൾ യൂണിഫോം , സ്കൂൾ കെട്ടിടം, സ്കൂൾ സർട്ടിഫിക്കറ്റുകൾ എന്നിവ സംബന്ധിച്ച മാതൃകാ ഫോറങ്ങൾ പൂരിപ്പിച്ച് നിശ്ചിത ദിവസത്തിനകം തന്നെ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ (ക്രോഡീകരിച്ച ലിസ്റ്റ്) ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.
- പഠനോപകരണങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികളുടെ പേരു വിവരവും സാധനങ്ങളുടെ വിവരവും കൃത്യമായി തയ്യാറാക്കി വിദ്യാലയത്തിൽ സൂക്ഷിക്കേണ്ടതാണ്.
- പ്രളയബാധയുണ്ടായ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് , ചെറിയ കളികൾ എന്നിവയിലൂടെ മാനസീക ഊർജ്ജം നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അദ്ധ്യാപകർ നടത്തേണ്ടതാണ്.
- 29.08.2018-ന് തുറന്ന് അദ്ധ്യയനം നടത്തുവാൻ സാധിക്കാത്ത വിദ്യാലയങ്ങളിൽ അദ്ധ്യാപകരും ജീവനക്കാരും ഹാജരാകേണ്ടതാണ്.
- വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്കും പരിസരത്തിനും സുരക്ഷ ഭീഷണി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രധാനാദ്ധ്യാപകർ വിദ്യാഭ്യാസ ആഫീസറെ അടിയന്തിരമായി അറിയിക്കേണ്ടതും, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്.
- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സന്ദേശം എല്ലാ പ്രധാനാദ്ധ്യാപകരും സഹ അദ്ധ്യാപകർക്ക് കൈമാറേണ്ടതും സ്കൂൾ അസംബ്ലിയിൽ വായിക്കേണ്ടതുമാണ്.
-

വിദ്യാഭ്യാസ ഉപഡയറക്ടർ, തൃശൂർ.

പകർപ്പ്

1. ആർ.ഡി.ഡി , ഹയർ സെക്കന്ററി വിദ്യാഭ്യാസം, എറണാകുളം,
2. അഡീഷണൽ ഡയറക്ടർ, വി.എച്ച്.എസ്.ഇ, തൃശൂർ,
3. പ്രിൻസിപ്പാൾ, ഡയറ്റ് ,തൃശൂർ,
4. ജില്ലാ പ്രൊജക്ട് ആഫീസർ, സർവ്വശിക്ഷാഅഭിയാൻ, തൃശൂർ
5. അഡീഷണൽ പ്രൊജക്ട് ആഫീസർ, ആർ.എം.എസ്.എ,തൃശൂർ,
6. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും,
7. എല്ലാ പ്രധാനാദ്ധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർമാർ മുഖേന)

Scanned by CamScanner